(സി) 'ആശ്വാസ് 2011' പദ്ധതിപ്രകാരം 45.62 കോടി രൂപയും 'ആശ്വാസ് 2012' പദ്ധതി കാരം 53.48 കോടി രൂപയും 'ആശ്വാസ് 2014' പദ്ധതി പ്രകാരം 128.39 കോടി രൂപയും പലിശ, പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവയിൽ ഇളവുകൾ നൽകിയിട്ടുണ്ട്.

(ഡി) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, ഹൗസിംഗ് സഹകരണ സംഘങ്ങൾ എന്നീ വിഭാഗം സംഘങ്ങളിൽ ആശ്വാസ് കടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന വിഹിതം

6 (*36) ശ്രീ. എം. എ. ബേബി :
ശ്രീമതി കെ. കെ. ലതിക :
ഡോ. ടി. എം. തോമസ് ഐസക് :
പ്രൊഫ സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, സദയം മറുപടി നൽകുമോ :

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിച്ചതു പ്രകാരം കണക്കാക്കിയിരിക്കുന്ന പദ്ധതി വിഹിതത്തിന്റെ (അസ്സംഡ് പ്ലാൻ സൈസ്) 25 ശതമാനത്തിൽ കുറയാത്ത തുക വികസന ഫണ്ടിനത്തിൽ വകയിരുത്തേണ്ടതും 10 ഗഡുക്കളായി മേയ് മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ (കെ.എൽ.ജി.എസ്.ഡി.പി ഫണ്ടും 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയും ഒഴികെ) റിലീസ് ചെയ്യേണ്ടതുമാണ്. അർഹതയുള്ള പ്രാദേശിക സർക്കാരുകളുടെ പട്ടിക തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്കാണ് കെ.എൽ.ജി.എസ്.ഡി.പി. ഫണ്ട് അനുവദിക്കുന്നത്. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ അതതു

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തെ ആദ്യഗഡു കേന്ദ്രത്തിൽനിന്നും ലഭ്യമാകുന്ന മുറയ്ക്കും രണ്ടാമത് ഗഡു കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്കോ അല്ലെങ്കിൽ ജനുവരി ആദ്യ ആഴ്ചയിലോ ആണ് റിലീസ് ചെയ്യേണ്ടത്.

(ബി) പ്രാദേശിക സർക്കാരുകളുടെ പദ്ധതികൾക്കുള്ള ഫണ്ടുകൾ മേൽ വ്യവസ്ഥകൾ പ്രകാരം റിലീസ് ചെയ്യുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ടെങ്കിലും വിവിധ കാരണങ്ങളാൽ അപൂർവ്വ സന്ദർഭങ്ങളിൽ ടി ഇ ക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിൽ നേരിയ കാലതാമസവും ചില ഏറ്റക്കുറച്ചിലുകളും വന്നിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് മുൻ സാമ്പത്തിക വർഷങ്ങളിൽ ഫണ്ടുകൾ അനുവദിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത റിപ്പോർട്ടിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നികുതി പിരിവ് സംബന്ധമായ വിശദാംശങ്ങൾ യഥാസമയം ലഭിക്കാത്തതിനാൽ 2012-13 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെ പത്താമത് ഗഡു റിലീസ് ചെയ്യാൻ 58 ദിവസം താമസം നേരിട്ടിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്കുള്ള ഫണ്ടുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള ഒരു പുതിയ സംവിധാനം ധനകാര്യ വകുപ്പിന്റെ സജീവ പരിഗണനയിലാണ്.

(ഡി) തന്നാണ്ടിൽ വികസന ഫണ്ട് (പൊതു വിഭാഗം) ഏഴ് തവണകളും, 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് 6 ഗഡുക്കളായും (മുൻ വർഷങ്ങളിലേക്ക് അനുവദിക്കപ്പെട്ട അധിക വിഹിതം ഉൾപ്പെടെ) ആകെ 61% റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി * ചേർത്തിരിക്കുന്നു.

സബർബൻ റെയിൽവേ

7 (*37) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u>:
<u>ശ്രീ. വർക്കല കഹാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സബർബൻ റെയിൽവേ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച സാധ്യതാ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly